# ഉയിർപ്പുകാലം
## വചന വിചിന്തനം
### ഉയിർപ്പുകാലം : മൂന്നാം ഞായർ
### യോഹ 14.1–14

> *ആകുലതകളുടെയും ആശങ്കകളുടെയും ലോകത്ത്*
> *ക്രിസ്തു അരുൾ ചെയ്യുന്നു;*
> *മക്കളേ, നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ.*
> *ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ.*
> യോഹ 14,1

പിതാവിനെ കാണിച്ച് തരുക എന്ന് ശിഷ്യർ ആവശ്യപ്പെടുന്നത് ക്രിസ്തുവിന്റെ പഠിപ്പിക്കലിന്റെ വിജയമാണ്!!!

ക്രിസ്തു പറഞ്ഞു; മക്കളേ, നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ. ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ (യോഹ 14,1). കാരണം, വഴിയും സത്യവും ജീവനും ഞാനാണ് (യോഹ 14,6). മനുഷ്യൻ അദ്ധ്വാനിക്കുന്നതും കഷ്ടപ്പെടുന്നതും എന്തിനുവേണ്ടിയാണ് എന്നുചോദിച്ചാൽ ഒറ്റ കാര്യത്തിനു വേണ്ടി മാത്രമാണ്; "ഭാവിയുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനു"വേണ്ടി. ക്രിസ്തുവിന്റെ ശിഷ്യനായിരിക്കുക എന്നതിനർത്ഥവും ഇതുതന്നെയാണ്. പക്ഷെ, ഈലോകത്തിലെ സുരക്ഷിതത്വം ഉറപ്പാക്കുക എന്നതല്ല ക്രിസ്തു വിവക്ഷിക്കുന്നത്. മറിച്ച്, മരണശേഷം നാം അനുഭവിക്കാൻ പോകുന്ന നിത്യതയുടെ സുരക്ഷിതത്വത്തെ കുറിച്ചാണ് ക്രിസ്തു വാചാലനാകുന്നത്. അങ്ങനെയെങ്കിൽ, ക്രിസ്തുവിന്റെ ശിഷ്യത്വത്തിന്റെ വലിയ പ്രത്യേകത ഇരുട്ടിൽ തപ്പുക എന്നതുതന്നെയാണ്. ചുരുക്കത്തിൽ, അനശ്ചിതത്വത്തിന്റെ ആകുലതകളിലും അങ്കലാപ്പുകളിലും കർത്താവിനോടൊപ്പമിരിക്കുക എന്നതാണ് ക്രിസ്തു ലക്ഷ്യം വയ്ക്കുന്നത്.

ക്രിസ്തു ശിഷ്യൻമാരെ വിളിച്ചുക്കൂട്ടി പറഞ്ഞു;

"എൻെറ പിതാവിൻെറ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. ഇല്ലായിരുന്നെങ്കിൽ നിങ്ങൾക്കു സ്ഥലമൊരുക്കാൻ പോകുന്നുവെന്നു ഞാൻ നിങ്ങളോടു പറയുമായിരുന്നോ? ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്തു നിങ്ങളും ആയിരിക്കേണ്ടതിനു ഞാൻ വീണ്ടും വന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടു പോകും. ഞാൻ പോകുന്നിടത്തേക്കുള്ള വഴി നിങ്ങൾക്കറിയാം."

ഇതു കേൾക്കുന്ന തോമസ് ക്രിസ്തുവിനോട് പറഞ്ഞു:

"കർത്താവേ, നീ എവിടേക്കു പോകുന്നുവെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും?"

അവന് മറുപടിയായ് ക്രിസ്തു പറഞ്ഞു:

"വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിൻെറ അടുക്കലേക്കു വരുന്നില്ല. നിങ്ങൾ എന്നെ അറിഞ്ഞിരുന്നുവെങ്കിൽ എൻെറ പിതാവിനെയും അറിയുമായിരുന്നു. ഇപ്പോൾ മുതൽ നിങ്ങൾ അവനെ അറിയുന്നു. നിങ്ങൾ അവനെ കാണുകയും ചെയ്തിരിക്കുന്നു."

കർത്താവിൽനിന്ന് നിത്യജീവന്റെ വചസുകൾ കേട്ട പീലിപ്പോസ്

കർത്താവിന്റെ അതേ തീക്ഷ്ണതയാൽ പറഞ്ഞു:

‘‘കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരുക, ഞങ്ങൾക്ക് അതു മതി.’’

വിശ്വാസത്തെ ചിലപ്പോഴെങ്കിലും വ്യാഖ്യാനിക്കാറ്, “വിശ്വാസമെന്നത് അന്ധകാരത്തിലേയ്ക്കുള്ള എടുത്തുചാട്ടമാണ്” എന്നാണ്. ഒരുപക്ഷെ, ക്രിസ്തുവിന്റെ ഈ വചനങ്ങൾ കേൾക്കുമ്പോൾ നമുക്ക് ബോദ്ധ്യപ്പെടുന്ന സത്യവും ഇത് തന്നെയാണ്. ജീവിതത്തിന്റെ പ്രതിസന്ധികളിൽ, ആകുലതകളിൽ, ആശങ്കകളിൽ തളർന്നുപോകതെ വിശ്വാസത്തോടെ ക്രിസ്തുവിനോട് കൂടെ ഇരിക്കാൻ സാധിക്കുന്നവർക്ക് കർത്താവ് നൽകുന്ന അനുഗ്രഹങ്ങളെ കുറിച്ചാണ് ക്രിസ്തു പറഞ്ഞുവയ്ക്കുന്നത്. ഞാൻ വഴിയും സത്യവും ജീവനുമാണ്. എന്നിലൂടെ പിതാവിൻെറ അടുക്കലേക്കു വരുന്നവർക്ക് എൻെറ പിതാവിൻെറ ഭവനത്തിൽ ഇടമുണ്ട്. എവിടെ ഞാൻ ആയിരിക്കുന്നുവോ, അവിടെ എന്നിലൂടെ വന്നിരിക്കുന്ന നിങ്ങളും ആയിരിക്കും എന്നുള്ള വലിയ ഉറപ്പും. ഇതു കേൾക്കുന്ന പീലിപ്പോസിനെ “ദൈവന്വേഷി”യെന്ന് പേർ നൽകി വിളിക്കാം. അവൻ അടുത്ത ക്ഷണത്തിൽ കർത്താവിനോട് ചോദിക്കുകയാണ്;

‘‘കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരുക, ഞങ്ങൾക്ക് അതു മതി” (യോഹ 14,8).

**പിതാവിന്റെ മുഖം ലോകം കണ്ടത് ക്രിസ്തുവിലൂടെയാണ്... ഇന്ന് ലോകം ക്രിസ്തുവിനെ കാണേണ്ടത് ക്രിസ്ത്യാനികളിലൂടെയാണ്!**

ദൈവത്തിനുവേണ്ടി അലയുന്നവർക്കെല്ലാം ഇനി ഒറ്റപേർ നൽകിയാലും മതി, ‘പീലിപ്പോസ്.’ ഒരു പീലിപ്പോസ് നൊസ്റ്റാൾജീയ നമ്മിൽ രൂപപ്പെടേണ്ടിയിരിക്കുന്നു. ജീവിതത്തിൽ സഹനങ്ങളും സങ്കടങ്ങളും വേദനകളും കഷ്ടപ്പാടുകളും മാത്രം വരുമ്പോൾ കർത്താവിനെ അന്വേഷിക്കുന്നവരാണ് നമ്മിൽ ഭൂരിഭാഗവും. പക്ഷെ, പീലിപ്പോസിലേയ്ക്ക് നോക്കുക; അവൻ കർത്താവിലൂടെ പിതാവായ ദൈവത്തെ തേടുന്നത് തന്റെ സഹനങ്ങളോ സങ്കടങ്ങളോ കണ്ണുനീരുകളോ തുടച്ച് നിക്കുന്നതിനല്ല. മറിച്ച്, നിത്യതയെ ലക്ഷ്യം വച്ചുകൊണ്ടാണ്. ഈയൊരു ബോദ്ധ്യവും തിരിച്ചറിവുമാണ് ഇന്ന് നമ്മിൽ പലർക്കും നഷ്ടപ്പെടുന്നത്. സഹനങ്ങൾ വരുമ്പോൾ മാത്രം ദൈവത്തെ അന്വേഷിക്കുന്നവരാകതെ നിത്യതയെ ലക്ഷ്യം വച്ചുകൊണ്ട് നാം ദൈവത്തെ അന്വേഷിക്കുകയാണെങ്കിൽ നാം പീലിപ്പോസിലേയ്ക്ക് വളരുകയാണ്.

തണുപ്പുള്ള ഒരു തിങ്കളാഴ്ച രാവിലെയായിരുന്നു സംഭവം. രണ്ട് കാറുകൾ തമ്മിൽ കൂട്ടിയിടിച്ചു. അപകടത്തിൽ പെട്ട ഒരു കാർ പുരുഷനും, മറ്റേ കാർ ഒരു സ്ത്രീയുമാണ് ഓടിച്ചിരുന്നത്. അപകടത്തിൽ ഇരു കാറുകളും ഭാഗികമായി തകർന്നിരുന്നു. അത്ഭുതമെന്ന് പറയാമല്ലോ കാർ ഓടിച്ചിരുന്ന രണ്ട് പേർക്കും ഒരു പോറൽ പോലും സംഭവിച്ചിട്ടില്ല.

ഇരുവരും കാറിൽ നിന്ന് പുറത്തിറങ്ങി. പുറത്തിറങ്ങിയതും പുരുഷൻ സ്ത്രീയെ ശകാരിക്കാൻ തുടങ്ങി;

“അല്ലേലും സ്ത്രീകൾ ഇങ്ങനെ തന്നെയാ... ഒരു ശ്രദ്ധയുമില്ലാതെ ആണ് വാഹനം ഓടിക്കുന്നത്, നിങ്ങൾ സ്ത്രീകളാണ് അപകടങ്ങൾ കൂടുതലും ഉണ്ടാക്കുന്നത്.”

അയാളുടെ ശബ്ദം കൂടി കൂടി വന്നു. എന്നാൽ, ആ സ്ത്രീ വളരെ മാന്യമായി അയാളോട് പറഞ്ഞു;

“സുഹൃത്തേ, ഭാഗ്യത്തിന് നമ്മൾക്ക് രണ്ടാൾക്കും ഒന്നും പറ്റിയില്ലല്ലോ! ഒരുപക്ഷേ, നമ്മളെ രണ്ടാളെയും എക്കാലവും നല്ല സുഹൃത്തുക്കളാക്കാൻ

ദൈവം ഒരുക്കിയതായിരിക്കും ഈ അപകടം. അതിന് നമ്മുക്ക് ദൈവത്തോട് നന്ദി പറയാം..."

തെറ്റ് പൂർണ്ണമായും ആ സ്ത്രീയുടെ ഭാഗത്തായിരിന്നിട്ടും ആ പാവം അവളുടെ വാചകത്തിൽ വീണ് പോയി. ആ സ്ത്രീ കാറിന്റെ പിൻസീറ്റിൽ നിന്നും ഒരു ബിയർ കുപ്പി കയ്യിലെടുത്തിട്ട് പറഞ്ഞു;

"നോക്കൂ സുഹൃത്തേ, ദൈവത്തിന്റെ ഓരോരോ കളികളെ, നമ്മുക്ക് രണ്ട് പേർക്കും ആഘോഷിക്കാനായി ദൈവം ഒരു പോറൽ പോലുമേൽപ്പിക്കാതെ ഈ ബിയർ കുപ്പി പൊട്ടാതെ കാത്തു സൂക്ഷിച്ചത് കണ്ടില്ലേ. ഇതിന്റെ പാതി കുടിച്ചിട്ട് ബാക്കി എനിക്ക് തരൂ..."

പണ്ട് ഹവ്വാ ആദത്തിനെ പഴം തീറ്റിച്ച കഥ അറിയാത്ത ആ പാവം ഒറ്റ വലിക്ക് ആ കുപ്പിയുടെ പാതി കാലിയാക്കി ബാക്കി ആ സ്ത്രീക്ക് നീട്ടിക്കൊണ്ട് പറഞ്ഞു;

"സുഹൃത്തേ നിങ്ങൾ പറഞ്ഞതൊക്കെ ശരിയാ... സംഭവിക്കാനുള്ളതൊക്കെ സംഭവിച്ചു. എല്ലാം മറക്കാനായി ഇതു കഴിക്കൂ... ഇതാ പാതി, ഇതോടെ എല്ലാ പ്രശ്നങ്ങളും തീർന്നല്ലോ..."

അത് കേട്ട് ചിരിച്ചുകൊണ്ട് ആ സ്ത്രീ മറുപടി പറഞ്ഞു;

"പ്രശ്നം തീർന്നെന്നോ? മദ്യപിച്ചു കാറോടിച്ച് എന്റെ കാറിൽ കൊണ്ടുവന്ന് ഇടിപ്പിച്ചതും പോരാഞ്ഞിട്ട് ഞെളിഞ്ഞ് നിന്ന് ഡൈലോഗ് അടിക്കുന്നോ? ഞാൻ പോലീസിനെ വിളിച്ചിട്ടുണ്ട്... അവർ വരട്ടെ... അവര് തീരുമാനമുണ്ടാക്കിക്കോളും..."

"ഞാൻ ദൈവത്തെ കണ്ടു..." എന്നതിൽനിന്ന് "ദൈവം എന്നിലുണ്ട്..." യഥാർത്ഥത്തിലുള്ള ആത്മീയത!

ജീവിതത്തിൽ സഹനങ്ങൾ വരുമ്പോൾ സങ്കടങ്ങൾ വരുമ്പോൾ കർത്താവിലാശ്രയിക്കാതെ മറ്റ് പലതിലും ആശ്രയിക്കുന്നവർക്കുള്ള ന്യായവിധിയാണിത്. പീലിപ്പോസിനെപ്പോലെ കർത്താവിനോട് നാം പ്രാർത്ഥിക്കാൻ പഠിക്കേണ്ടിയിരിക്കുന്നു; "കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരുക, ഞങ്ങൾക്ക് അതു മതി" (യോഹ 14,8) എന്ന്. കാരണം, വചനമായി അവതരിച്ച ക്രിസ്തു നൽകുന്ന വലിയ ഉറപ്പ്;

"എൻെറ നാമത്തിൽ നിങ്ങൾ എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാനതു ചെയ്തുതരും" (യോഹ 14,14).

ജീവിതത്തിൽ സമ്പത്ത്, സമാധാനം, സ്നേഹം, സന്തോഷം എന്നിവ വേണോ? വിശ്വാസത്തോട് കൂടി കർത്താവിനെ സമീപിക്കുക. കാരണം, രക്ഷിക്കാൻ കഴിയാത്തവിധം അവന്റെ കരങ്ങൾ കുറുകി പോയിട്ടില്ല! സഹായിക്കാൻ സാധിക്കാത്തവിധം അവന്റെ കരങ്ങൾക്ക് ബലക്ഷയം സംഭവിച്ചിട്ടുമില്ല! കാരണം, അവൻ വഴിയും സത്യവും ജീവനുമാണ്.

"ഇനിമേൽ ഞാനല്ല ജീവിക്കുന്നത്
ക്രിസ്

ഗലാ 2,20

ഫാ. ജോബി മേനോത്ത്
+91 944 7777 931